പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5966 8/7/2013- ൽ മറുപടിക്ക്

<u>സ്കൂളുകളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം.എ. വാഹീദ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂളുകളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി യിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2012-13 സാമ്പത്തികവർഷം വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തി 100 സ്കൂളുകളിൽ ജന്തുക്ഷേമക്ലബുകൾ ആരംഭിക്കു ന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം പദ്ധതി പ്രവർത്തനം 100 സ്കൂളുകളിൽ നടന്നുവരുന്നു. ഒരു യൂണിറ്റിന് 50,000/- രൂപ നിരക്കിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) തെരഞ്ഞെടുത്ത സ്കൂളുകളിലെ ഓരോ ക്ലബ്ബിനും വളർത്തുമൃഗങ്ങളായ ആട്, കോഴി, മുയൽ എന്നിവ നൽകുകയും ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ വളർത്താൻ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. സൗജന്യമായി ചെറുമൃഗങ്ങളെയും പക്ഷികളെയും നൽകുമ്പോൾ കൂടുകൾ കൂടി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. പേരന്റ് ടീച്ചർ അസോസിയേഷനും തെരഞ്ഞെടുത്ത അധ്യാപകരും ക്ലബ്ബിലെ സജീവ മെമ്പർമാരാണ്. ജന്തു ക്ഷേമ കാര്യങ്ങളിൽ ക്വിസ് പ്രോഗ്രാമുകൾ , പെയിന്റിംഗ്, പ്രബന്ധരചന എന്നീ വിഷയങ്ങളിൽ മത്സരം നടത്തി ഉണർവുണ്ടാക്കുവാനും സമ്മാന വിതരണം നടത്തി പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കുട്ടികളെ ഫാം സന്ദർശനങ്ങൾക്കായി കൊണ്ടു പോകുവാനും (എക്സ്പോഷർ വിസിറ്റ്) അതുവഴി മൃഗപരിപാലനത്തിൽ താത്പര്യവും അറിവും വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളിലെ 7,8,9, ക്ലാസുകളിലെ കുട്ടികളെയാണ് ഈ ക്ലബ്ബുകളിലെ മെമ്പർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. മേൽനോട്ടത്തിനായി സ്കൂളിലെ തന്നെ തെരഞ്ഞെടുത്ത അധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) തെരഞ്ഞെടുത്ത സ്കൂളുകളിലെ പേരന്റ് ടീച്ചർ അസോസിയേഷൻ മുഖാന്തിരം മൃഗസംരക്ഷണ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ 100 ക്ലബ്ബുകൾക്കായി ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഒരു യൂണിറ്റ് എന്ന നിലയിൽ, ഒരു യൂണിറ്റിന് 50,000/ രൂപയാണ് 2012-2013 വർഷത്തിൽ നീക്കിവെച്ചിട്ടുള്ളത്. തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതി നടത്തിപ്പ് വിജയകരമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

NS